ചെങ്ങറ സമരത്തിന്റെ പ്രസക്തി

ഭൂമിയെ സംബന്ധിച്ച വസ്തുതകൾ പഠിക്കുമ്പോൾ കേരളം തെറ്റിൽനിന്ന് തെറ്റിലേയ്ക്ക് നീങ്ങുകയായിരുന്നെന്ന് കാണാം. വലിയ പ്രതീക്ഷ ഉണർത്തിയ ഭൂപരിഷ്കരണം കൃഷി വികസിപ്പിക്കുന്നതിനു പകരം ക്ഷയിപ്പിച്ചു. പാടത്തു പണിയെടുക്കുന്ന കർഷകത്തൊഴിലാളിയെ തഴഞ്ഞുകൊണ്ട് വരമ്പത്ത് നിന്ന് പണിയെടുപ്പിച്ച പാട്ടക്കാരന് ഭൂമി നൽകിയത് അടിസ്ഥാനപരമായി തെറ്റായിരുന്നെന്ന് ഇടതും വലതുമായി തിരിഞ്ഞുനിന്ന് പോരടിക്കുന്ന ഭരണവർഗ്ഗം തിരിച്ചറിയണം. കൃഷി ഉപേക്ഷിച്ച് ഉയരുന്ന മദ്ധ്യവർഗ്ഗത്തിന്റെ ഭാഗമകൻ വെമ്പിയ പാട്ടക്കാരന്റെ കണ്ണിൽ ഭൂമി പുതിയ പദവി നേടാനുപയോഗിക്കാവുന്ന ആസ്തിയായി ചുരുങ്ങി. പലരും ഭക്ഷ്യവിളകളിൽനിന്ന് നാണ്യവിളകളിലേയ്ക്ക് മാറിയും ഭൂമി വിറ്റും മദ്ധ്യവർഗ്ഗമോഹം സഫലമാക്കി. അതോടെ സമൂഹത്തിന്റെ നിലനിൽപിന് അനുപേക്ഷണീയമായ ഭൂമി അതിന്റെ നിലനിൽപിനെ അപകടറപ്പെടുത്തുന്ന അവസ്ഥ സംജാതമായി. ഈ തെറ്റുകളുടെ പരമ്പര അവസാനിപ്പിച്ച് സമൂഹത്തെ രക്ഷിക്കാനുള്ള സമരമാണ് ചെങ്ങറയിൽ നടക്കുന്നത്. അത് വിജയിക്കേണ്ടത് മൊത്തം സമൂഹത്തിന്റെ ആവശ്യമാണ്.
അഭിവാദ്യങ്ങൾ.

ബി.ആർ.പി. ഭാസ്കർ
മേയ് 3, 2008